"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകൾക്ക് കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളുടെ പരിഷ്കരണം - സേവന-വേതന പരിഷ്കരണ സമിതിയുടെ റിപ്പോർട്ടിന്റെ 2-ാം ഭാഗം അംഗീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.647/2023/AGRI തീയതി,തിരുവനന്തപുരം, 04-07-2023

---

പരാമർശം:- 1. സ.ഉ(സാധാ)നം 08/2018/ കൃഷി തീയതി 12/01/2018

2. സ.ഉ(സാധാ)നം 989/2018/ കൃഷി തീയതി 01/10/2018

3. ഗവൺമെന്റ് ഫാം തൊഴിലാളികളുടെ സേവന വേതന പരിഷ്കരണ സമിതി റിപ്പോർട്ട് - 2019

4 സ.ഉ(സാധാ)നം 240/2021 കൃഷി തീയതി 26/02/2021

**<u>ഉത്തരവ്</u>**

കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകൾക്ക് കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി പരാമർശം (1) ഉം (2) ഉം ഉത്തരവുകൾ പ്രകാരം ഒരു സമിതി രൂപീകരിക്കുകയും, ടി വിഷയം വിശദമായി പരിശോധിച്ചു പരാമർശം (3) പ്രകാരം സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ സർക്കാരിന് സാമ്പത്തിക ബാധ്യത വരുത്തുന്ന ശിപാർശകൾ ഭാഗം I ലും സാമ്പത്തിക ബാധ്യത വരുത്താത്ത ശിപാർശകൾ ഭാഗം II ലുമാണ് പ്രതിപാദിച്ചിരിക്കുന്നത്. ഭാഗം I ലെ ശിപാർശകൾ പരാമർശം 4 പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സേവന വേതന പരിഷ്കരണ സമിതിയുടെ റിപ്പോർട്ടിലെ ഭാഗം II ൽ ഫാം തൊഴിലാളികൾക്കു അനുവദനീയമായ അവധികളെക്കുറിച്ചും മറ്റു സേവന വ്യവസ്ഥകളെക്കുറിച്ചുമാണ് പ്രതിപാദിച്ചിരിക്കുന്നത് . ഭാഗം II ലെ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകൾക്ക് കീഴിലുള്ള ഫാം തൊഴിലാളികൾക്കു ചുവടെ ചേർത്ത പ്രകാരം ഭാഗം II ലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. **<u>ക്യാഷൽ ലീവ്</u>** : സ്ഥിരം തൊഴിലാളികൾക്ക് വർഷത്തിൽ 20 ദിവസത്തെ കാഷ്വൽ ലീവ് അനുവദിക്കാവുന്നതാണ്. കാഷ്വൽ ലീവ് തുടർച്ചയായി 5 ദിവസം വരെയും തുടർന്ന് അവധി ദിവസങ്ങൾ വരികയാണെങ്കിൽ ആയതും കൂടി ഉൾപ്പെടുത്തി പരമാവധി 7 ദിവസം വരെയും അനുവദിക്കാവുന്നതുമാണ്. കാഷ്വൽ ലീവിനോടൊപ്പം മറ്റു ലീവുകളൊന്നും അനുവദിയ്ക്കാവുന്നതല്ല.

2. **<u>തൊഴിൽ നിയമങ്ങൾ</u>** : തൽസ്ഥിതി തുടരേണ്ടതാണ്.

3. **ആർജിതാവധി** : തൽസ്ഥിതി തുടരേണ്ടതാണ്.

4. **സിക്ക് ലീവ്** : തൽസ്ഥിതി തുടരേണ്ടതാണ്.

5. **പ്രാദേശിക അവധികളും, സ്പെഷ്യൽ അവധികളും** : ഫാമിലെ സ്ഥിരം തൊഴിലാളികൾക്ക് പ്രാദേശിക അവധികളും സ്പെഷ്യൽ അവധികളും (സർക്കാർ പ്രഖ്യാപിക്കുന്ന പൊതു അവധികൾ) അനുവദിക്കാവുന്നതാണ്.

6. **നിയന്ത്രിത അവധികൾ** : സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന നിയന്ത്രിത അവധികൾ ഫാം തൊഴിലാളികൾക്കും ബാധകമാണ്.

7. **സ്പെഷ്യൽ കൃാഷൽ ലീവ്** : ഔദ്യോഗിക കൃത്യ നിർവഹണത്തിനിടയിൽ യാദൃശ്ചികമായി സംഭവിക്കുന്ന അപകടങ്ങൾ മൂലമുണ്ടാകുന്ന അവശതയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും, ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ പരമാവധി 15 ദിവസം വരെ ശമ്പളത്തോട് കൂടിയ പ്രത്യേക അവശത അവധി അനുവദിക്കാവുന്നതാണ്. പേവിഷബാധയുമായി ബന്ധപ്പെട്ട് വാക്സിനേഷൻ സ്വീകരിക്കുന്ന ദിവസങ്ങളിൽ മാത്രം മെഡിക്കൽ രേഖകളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ കാഷൽ ലീവ് അനുവദിക്കാവുന്നതാണ്.

8 **മെഡിസെപ്പ് / ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്**: തൽസ്ഥിതി തുടരാവുന്നതാണ് .

9. **എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട്** : എംപ്ലോയീസ് കോമ്പൻസേഷൻ ആകറ്റിൽ നിഷ്കർഷിക്കുന്ന പോലെ ഫാമുകളിലെ അപകടകരമായ സാഹചര്യത്തിൽ ജോലി ചെയുന്ന കാഷൽ തൊഴിലാളികൾക്ക് എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരമുള്ള ആനുകൂല്യം അനുവദിക്കാവുന്നതാണ്.

10. **രോഗചികിത്സയോടനുബന്ധിച്ചുള്ള സ്പെഷ്യൽ കാഷൽ ലീവ്** : . കാൻസർ ചികിത്സയോടനുബന്ധിച്ച് കീമോതെറാപ്പിക്കും റേഡിയേഷനും വിധേരാകുന്ന സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള 6 മാസത്തെ സ്പെഷ്യൽ കാഷൽ ലീവ്, കൃഷി മൃഗസംരക്ഷണം ക്ഷീരവികസനം എന്നീ വകുപ്പുകളിലെ സ്ഥിരം തൊഴിലാളികൾക്കും അനുവദിക്കാവുന്നതാണ്.എന്നാൽ ഡയാലിസിസിനു വിധേയരാകുന്ന ഫാം തൊഴിലാളികൾക്ക് സ്പെഷ്യൽ കാഷൽ ലീവ് അനുവദനീയമല്ല.

11. **പങ്കാളിത്ത പെൻഷൻ പദ്ധതി** : തൽസ്ഥിതി തുടരേണ്ടതാണ്.

12. **വിരമിക്കൽ പ്രായം** : തൽസ്ഥിതി തുടരേണ്ടതാണ്.

13. **വീക്കിലി ഓഫ്** : ആഴ്ചയിൽ ഒരു ദിവസം തൊഴിലിനു ഭംഗം വരാത്ത രീതിയിൽ റൊട്ടേഷൻ വ്യവസ്ഥയിൽ സ്ഥിരം തൊഴിലാളികൾക്ക് വീക്കിലി ഓഫ് അനുവദിക്കാവുന്നതും ആയതിന് യാതൊരു നിബന്ധനകളും പാടില്ലാത്തതും പ്രസ്തുത വീക്കിലി ഓഫ് പൊതു അവധി ദിവസങ്ങളിൽ വരികയാണെങ്കിൽ ആയതിന് കോമ്പൻസേഷൻ അനുവദിക്കേണ്ടതും ആയത് 30 ദിവസത്തിനകം നൽകേണ്ടതുമാണ് .

14 . **ശൂന്യവേതന അവധി** : ഫാം തൊഴിലാളികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലോ അല്ലാതെയോ ശൂന്യവേതനാവധി 30 ദിവസം വരെ ഫാം സൂപ്രണ്ടുമാർ/ ഫാം ഓഫീസർമാർക്കും , 31 മുതൽ 120 ദിവസം വരെ നിയമനാധികാരിക്കും 121 മുതൽ 180 ദിവസം വരെ വകുപ്പ് തലവനും അനുവദിക്കാവുന്നതാണ്. 180 ദിവസത്തിനു മുകളിലുള്ള ശൂന്യവേതനാവധി സർക്കാർ തലത്തിൽ പരിശോധിച്ച് ആവശ്യമുള്ള പക്ഷം അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ക്ഷീര വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
ലേബർ വെൽഫെയർ ഓഫീസർ, കൃഷി ഡയറക്ടറേറ്റ്.
അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), മൃഗ സംരക്ഷണ വകുപ്പ്.
ജോയിന്റ് ഡയറക്ടർ (ജനറൽ), ക്ഷീര വികസന വകുപ്പ്.
സീനിയർ ഫിനാൻസ് ഓഫീസർ, കൃഷി ഡയറക്ടറേറ്റ്.
ഫിനാൻസ് ഓഫീസർ, മൃഗ സംരക്ഷണ വകുപ്പ്.
കേരള സ്റ്റേറ്റ് ഗവൺമെന്റ് ഫാം വർക്കേഴ്സ് യൂണിയൻ,
ടി.സി. 49/400, മണക്കാട് പി.ഒ., തിരുവനന്തപുരം.
ഗവൺമെന്റ് ഫാം വർക്കേഴ്സ് ഫെഡറേഷൻ (INTUC), കരകുളം പി.ഒ.,
തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, അഗ്രിക്കൾച്ചറൽ ഫാം വർക്കേഴ്സ്, (AITUC), സി.
അച്ചുതമേനോൻ സ്മാരക മന്ദിരം, ഒക്കൽ പി.ഒ.
അനിമൽ ഹസ്ബൻഡറി ഫാം വർക്കേഴ്സ് യൂണിയൻ (AITUC), ബിന്ദു സദനം, അങ്ങാടിക്കൽ, ചെങ്ങന്നൂർ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ക്ഷീര വികസന വകുപ്പ്.
മൃഗ സംരക്ഷണ വകുപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Krishna Kumar V
Date: 04-07-2023 15:41:02
സെക്ഷൻ ഓഫീസർ

പകർപ്പ്
കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
മൃഗ സംരക്ഷണ, ക്ഷീര വികസനം വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്